2023
JULY
19
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## രാജ്യാന്തര വിപണിയിൽ സ്വർണവില കുതിക്കുന്നു

**കൊച്ചി:** രാജ്യാന്തര വിപണിയിൽ സ്വർണവിലയിൽ വൻ കുതിപ്പ്. ഇന്നലെ അമേരിക്കൻ വിപണിയിൽ വ്യാപാരം ആരംഭിച്ചപ്പോൾ തന്നെ വില 20 ഡോളറിലധികം ഉയർന്നു. ഇതോടെ 1980 ഡോളറിലേക്കു വില എത്തി. രാജ്യാന്തര വിപണിയിലെ വിലക്കയറ്റം ഇന്ന് ആഭ്യന്തര വിപണിയിലും പ്രതിഫലിച്ചേക്കും.

ഓഗസ്റ്റ് ഫ്യൂച്ചർ വിപണിയിൽ സ്വർണവിലയിൽ വൻ കുതിപ്പുണ്ടായി. 1986 ഡോളർ വരെ വില എത്തി. ഒന്നര ശതമാനത്തിലധികമാണ് നേട്ടം. ഓഗസ്റ്റിൽ രാജ്യാന്തര വില വീണ്ടും 2000 ഡോളർ കടക്കാനുള്ള സാധ്യതകളുമുണ്ട്. അതേസമയം സംസ്ഥാനത്ത് ഇന്നലെ പവന് 80 രൂപ ഉയർന്ന് വില 44080 രൂപയായി.

## ഹിൻഡൻബർഗ്: കമ്പനിയെ തകർക്കാനുള്ള ആസൂത്രിത നീക്കമായിരുന്നെന്ന് അദാനി

**ന്യൂഡൽഹി:** കമ്പനിയെ തകർക്കുകയെന്ന ലക്ഷ്യത്തോടെയുള്ള തെറ്റായ വിവരങ്ങളും അപകീർത്തികരമായ ആരോപണങ്ങളും മാത്രമായിരുന്നു ഹിൻഡൻബർഗ് റിസർച്ചിന്റെ റിപ്പോർട്ടെന്ന് ആവർത്തിച്ച് ഗൗതം അദാനി. അദാനി ഗ്രൂപ്പിന്റെ വാർഷിക ജനറൽ ബോഡിയിലായിരുന്നു അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ പ്രതികരണം. റിപ്പബ്ലിക് ദിവസത്തിന്റെ തലേന്നു വന്ന റിപ്പോർട്ട് മുൻകൂട്ടി ആസൂത്രണം ചെയ്തുള്ള നീക്കമായിരുന്നു.

കമ്പനിയുടെ സൽപേര് തകർക്കുകയും ഓഹരി വില ഇടിയുന്നതുമൂലം ഷോർട്ട് സെല്ലിങ്ങിലൂടെയുണ്ടാക്കാവുന്ന ലാഭവും മാത്രമായിരുന്നു ലക്ഷ്യം. 2004 2015ലെ വിവരങ്ങളാണ്ദുരുദ്ദേശ്യത്തോടെ തെറ്റിദ്ധരിപ്പിക്കും വിധം അമേരിക്കൻ ഷോർട്സെല്ലിങ് സ്ഥാപനം പുറത്തുവിട്ടത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം കമ്പനി ആ സമയത്തുതന്നെ തീർപ്പാക്കിയതായിരുന്നു. കമ്പനിയുടെ എഫ്പിഒ (ഫോളോ ഓൺ പബ്ലിക് ഓഫറിങ്) ആരംഭിക്കുന്നതിനു തൊട്ടുമുൻപ് വന്ന റിപ്പോർട്ട് തന്നെയും കമ്പനിയെയും തകർക്കാനുള്ള ലക്ഷ്യത്തോടെയുള്ളതായിരുന്നു.റേറ്റിങ് ഇതുവരെ കുറച്ചിട്ടില്ലെന്നും അദാനി പറഞ്ഞു.

# ഉമ്മൻചാണ്ടിക്ക് കേരളത്തിന്റെ അന്ത്യാഞ്ജലി



**തിരുവനന്തപുരം:** അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് കേരളത്തിന്റെ അന്ത്യാഞ്ജലി. ഇന്നലെ പുലർച്ചെ ബംഗളൂരുവിൽ അന്തരിച്ച ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം പ്രത്യേക വിമാനത്തിൽ ഉച്ചയോടെ തിരുവനന്തപുരത്ത് എത്തിച്ചു. വിമാനത്താവളത്തിൽനിന്നു തിരുവനന്തപുരം ജഗതിയിലെ അദ്ദേഹത്തിന്റെ വസതിയായ പുതുപ്പള്ളി ഹൗസിലും തുടർന്ന് വൈകിട്ട് ഏഴിനു സെക്രട്ടേറിയറ്റ് ദർബാർ ഹാളിലും പൊതുദർശനത്തിനുവച്ചു.

ഉമ്മൻ ചാണ്ടിയുടെ ഭൗതികദേഹവും വഹിച്ചു വിമാനത്താവളത്തിൽ നിന്നു പുതുപ്പള്ളി ഹൗസിലേക്കും തുടർന്നു സെക്രട്ടേറിയറ്റ് ദർബാർ ഹാളിലേക്കുമുള്ള വിലാപയാത്രയ്ക്കിടെ അന്ത്യാഞ്ജലിയർപ്പിക്കാൻ റോഡിനിരുവശവും നിരവധി ആളുകൾ തടിച്ചുകൂടി. പുതുപ്പള്ളി ഹൗസിലെ വസതിയിലും ആയിരങ്ങൾ അന്തിമോപചാരമർപ്പിക്കാനെത്തി. വൈകിട്ട് ഏഴിന് ഭൗതിക ശരീരം ദർബാർ ഹാളിലേക്ക് എത്തിക്കുമ്പോൾ സെക്രട്ടേറിയറ്റിലും ആയിരക്കണക്കിന് ആളുകൾ എത്തിയിരുന്നു.മുഖ്യമന്ത്രി പിണറായി വിജയൻ ദർബാർ ഹാളിലെത്തി ആദരാഞ്ജലിയർപ്പിച്ചു.

മന്ത്രിമാരായ റോഷി അഗസ്റ്റിൻ, ആർ. ബിന്ദു, ആന്റണി രാജു, വി.എൻ. വാസവൻ, ജെ. ചിഞ്ചുറാണി, പി. പ്രസാദ്, ജി.ആർ. അനിൽ, എം.ബി. രാജേഷ്, കെ. കൃഷ്ണൻകുട്ടി, കെ.എൻ. ബാലഗോപാൽ, സജി ചെറിയാൻ, സ്പീക്കർ എ.എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, എംപിമാരായ ബെന്നി ബെഹനാൻ, ശശി തരൂർ, കെ. മുരളീധരൻ, എം.കെ. രാഘവൻ, ആന്റോ ആന്റണി, രാജ്മോഹൻ ഉണ്ണിത്താൻ, ഡീൻ കുര്യാക്കോസ്, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എമാരായ എം.വി. ഗോവിന്ദൻ മാസ്റ്റർ, പി.കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, വി. ജോയ്, കെ.ബി. ഗണേഷ് കുമാർ, സി.കെ. ആശ, സജീവ് ജോസഫ്, സി.കെ. ഹരീന്ദ്രൻ, എൽദോസ് കുന്നപ്പള്ളി, വി.കെ. പ്രശാന്ത്, സച്ചിൻ ദേവ്, ലിന്റോ ജോസഫ്, ഇ. ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.പി. മോഹനൻ, കെ.കെ. ശൈലജ ടീച്ചർ, സണ്ണി ജോസഫ്, കാനത്തിൽ ജമീല, മഞ്ഞളാംകുഴി അലി, പി. നന്ദകുമാർ, ഇ.കെ. വിജയൻ, പി.കെ. ബഷീർ, ഷാഫി പറമ്പിൽ, അൻവർ സാദത്ത്, ടി.ജെ. വിനോദ്, ഉമാ തോമസ്, മാണി സി. കാപ്പൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ദലീമ, എച്ച്. സലാം, യു. പ്രതിഭ, പി.സി. വിഷ്ണുനാഥ്, ഒ.എസ്. അംബിക, തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ഉല്ലാസ് തോമസ്, ചീഫ് സെക്രട്ടറി ഡോ. വി. വേണു, മുൻ മന്ത്രിമാർ, മുൻ എംപിമാർ, മുൻ എം.എൽഎമാർ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, മത, സാമുദായിക രംഗത്തെ പ്രമുഖർ, സംസ്ഥാന സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ അന്തിമോപചാരമർപ്പിക്കാൻ എത്തി.

രാത്രി 8.45ന് ദർബാർ ഹാളിൽനിന്നു ഭൗതിക ശരീരം തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിലേക്കു കൊണ്ടുപോയി. അവിടെനിന്ന് ഇന്ദിരാഭവനിലേക്കും തുടർന്നു പുതുപ്പള്ളി ഹൗസിലേക്കും കൊണ്ടുപോയി. ഇന്ന് രാവിലെ തിരുവനന്തപുരത്തുനിന്നു കോട്ടയത്തേക്കു വിലാപയാത്രയായി കൊണ്ടുപോകുന്ന ഭൗതിക ശരീരം വൈകിട്ട് കോട്ടയം തിരുനക്കര മൈതാനത്തും രാത്രി പുതുപ്പള്ളിയിലെ കുടംബവീട്ടിലും പൊതുദർശനത്തിനുവയ്ക്കും. വ്യാഴാഴ്ച ഉച്ചയ്ക്കു രണ്ടു മണിയോടെ പുതുപ്പള്ളി പള്ളി സെമിത്തേരിയിലാണു സംസ്കാര ചടങ്ങുകൾ നിശ്ചയിച്ചിരിക്കുന്നത്. ഉമ്മൻചാണ്ടിയോടുള്ള ആദരസൂചകമായി ജൂലൈ 18 മുതൽ സംസ്ഥാനമൊട്ടാകെ മൂന്നു ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഈ ദിവസങ്ങളിൽ സംസ്ഥാനമൊട്ടാകെ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും.


## യുപിഐ പണമിടപാട്: 15 രാജ്യങ്ങളുമായി നടത്താനായേക്കും

**ന്യൂഡൽഹി:** യുപിഐ വഴിയുള്ള പണമിടപാട് വൈകാതെ പതിനഞ്ചോളം രാജ്യങ്ങളുമായി സാധ്യമാകും. യുപിഐ രാജ്യാന്തര തലത്തിൽ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ശക്തി പകരുന്നതായിരുന്നു കഴിഞ്ഞ ദിവസം യുഎഇയുമായി ഒപ്പിട്ട കരാർ. തയ്വാൻ ജപ്പാൻ, തായ്‌ലൻഡ്, മലേഷ്യ, ഫിലിപ്പീൻസ്, വിയറ്റ്നാം അടക്കമുള്ള രാജ്യങ്ങളുമായി യുപിഐ ബന്ധിപ്പിക്കാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. സിംഗപ്പൂരുമായുള്ള യുപിഐ ബന്ധിപ്പിക്കൽ ഫെബ്രുവരിയിൽ പൂർത്തിയായിരുന്നു. ഇന്ത്യയിൽ ഒരാൾക്ക് യുപിഐ വഴി പണമയയ്ക്കുന്ന അതേ വേഗത്തിൽ സിംഗപ്പൂരിലെ ബാങ്ക് അക്കൗണ്ടും ഫോൺ നമ്പറുമുള്ളവർക്കും അയയ്ക്കാമെന്നതാണ് മെച്ചം. പ്രതിദിനം 60,000 രൂപയുടെ പണമിടപാട് വരെ നടത്താനാണ് നിലവിൽ അനുമതി.



# ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചന പ്രവാഹം

**കൊച്ചി:** അന്തരിച്ച മുൻമുഖ്യമന്ത്രിയും കോൺഗ്രസിന്റെ സമുന്നത നേതാവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചന പ്രവാഹം.കേരളത്തിലെ സമസ്ത മേഖലയും ഉമ്മൻ ചാണ്ടിയുടെ കരുതലും സ്നേഹവും ഒരു തവണയെങ്കിലും അനുഭവിച്ചറിഞ്ഞവരാണ്. അതു കൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ വിടവാങ്ങൽ കേരള ജനതയ്ക്ക് ഇത്രയേറെ വൈകാരികമായി മാറുന്നത്.ജാതി,മത,വർണ,വർഗ്ഗ വ്യത്യാസമില്ലാതെ സമ്പന്നരെന്നോ ദരിദ്രരെന്നോ വേർതിരിവില്ലാതെ സർവ്വരെയും നെഞ്ചോട് ചേർത്തു പിടിച്ച വ്യക്തിയും ഭരണാധികാരിയുമായിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ ഭരണകാലത്ത് കേരളത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ നിരവധിയാണ്.



### പകരം വെയ്ക്കാനില്ലാത്ത ജനനായകൻ: അഡ്വ.എ.എൻ രാജൻബാബു

കൊച്ചി:മുൻമുഖ്യമന്ത്രിയും കോൺഗ്രസിന്റെ സമുന്നത നേതാവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ വേർപാട് രാഷ്ട്രീയ കേരളത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ രാജൻബാബു അനുശോചന സന്ദേശത്തിൽ പറഞ്ഞു. ജെ.എസ്.എസ് രൂപീകരണം മുതൽ കെ ആർ ഗൗരിയമ്മയായും താനടക്കമുള്ള ജെ.എസ്.എസ് നേതാക്കളുമായും ഏറെ വ്യക്തിബന്ധവും അടുപ്പവും കാത്തു സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഒരു പൊതു പ്രവർത്തകനെങ്ങനെയായിരിക്കണമെന്ന് കാണിച്ചു തന്ന പകരം വെയ്ക്കാനില്ലാത്ത ജനനായകനായിരുന്നു ഉമ്മൻ ചാണ്ടി. സൗമ്യതയുടെ ആൾ രൂപവും കഴിവുറ്റ ഭരണാധികാരിയെന്ന നിലയിലും ജനങ്ങളോടെ ഏറെ കരുതലും സ്നേഹവും പുലർത്തിയിരുന്ന ഉമ്മൻ ചാണ്ടി കാലങ്ങളോളം ജനഹൃദയങ്ങളിൽ ജ്വലിച്ചു നിൽക്കുമെന്ന് കാര്യത്തിൽ തർക്കമില്ല. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതായും അഡ്വ.എ എൻ രാജൻബാബു പറഞ്ഞു.

### നഷ്ടമായത് മികച്ച മനുഷ്യസ്നേഹിയെ: വിശ്വ ഹിന്ദു പരിഷത്ത്

**കൊച്ചി:** മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിര്യാണം കേരളത്തിനും കോൺഗ്രസിനും വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വി ജി തമ്പിയും ജനറൽ സെക്രട്ടറി വി ആർ രാജശേഖരനും അനുശോചന സന്ദേശത്തിൽ പറഞ്ഞു.മികച്ച ഒരു ഭരണാധികാരിയെയും അതിലുപരി നല്ല ഒരു മനുഷ്യസ്നേഹിയെയുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ജനങ്ങളുമായി ഏറെ അടുപ്പം കാത്തു സൂക്ഷിച്ചിരുന്ന അദ്ദേഹം ഒരു പൊതു പ്രവർത്തകൻ എങ്ങനെയായിരിക്കണമെന്നതിനുള്ള മികച്ച ഉദാഹരണമായിരുന്നു. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും കോൺഗ്രസ് പാർട്ടിയുടെയും ദുഖത്തിൽ പങ്കുചേരുന്നതായും വി.എച്ച്.പി നേതാക്കൾ അനുശോച സന്ദേശത്തിൽ പറഞ്ഞു.

### കരുതലും ആർദ്രതയും കൈമുതലാക്കിയ വ്യക്തി: വി വി അഗസ്റ്റിൻ

**കൊച്ചി:**മുൻ മുഖ്യമന്ത്രിയും കോൺഗ്രസിന്റെ എക്കാലത്തെയും കരുത്തനായ നേതാവുമായ ഉമ്മൻ ചാണ്ടിയുടെ വിയോഗം കേരളത്തിന്റെ രാഷ്ട്രീയ രംഗത്തിന് തീരാ നഷ്ടമാണെന്ന് നാഷണൽ പ്രോഗ്രസീവ് പാർട്ടി സംസ്ഥാന ചെയർമാൻ വി വി അഗസ്റ്റിൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ബാലജനസഖ്യ പ്രവർത്തന കാലം മുതൽ ഉള്ള ബന്ധമാണ് താനും ഉമ്മൻ ചാണ്ടിയും തമ്മിലുള്ളത്. ഒരുമിച്ച് ഒരു ബഞ്ചിലിരുന്ന് പ്രവർത്തനം തുടങ്ങിയ തങ്ങൾ പിന്നീട് വ്യത്യസ്ത രാഷ്ട്രീയ ചേരികളിലായെങ്കിലും വ്യക്തിബന്ധത്തിലെ ഊഷ്മളത തങ്ങൾ എക്കാലത്തും കാത്തു സൂക്ഷിച്ചിരുന്നു. ഏതു പ്രതിസന്ധിയെയും നിഷ്പ്രയാസം മറികടക്കുന്ന ഉമ്മൻ ചാണ്ടി രോഗവസ്ഥയിലായപ്പോഴും അതിനെ മറികടന്ന് ചിരിക്കുന്ന മുഖത്തോടെ മടങ്ങിവരുമെന്നായിരുന്നു തന്റെ പ്രതീക്ഷ. ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിലൂടെ കേരളത്തിന് നഷ്ടമായത് മികച്ച ഒരു ഭരണാധികാരിയെ മാത്രമല്ല കരുതലും ആർദ്രതയും കൈമുതലാക്കിയ വ്യക്തിത്വത്തെക്കൂടിയാണെന്നും അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതായും വി.വി അഗസ്റ്റിൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### വ്യാപാരി സമൂഹത്തെ ചേർത്തു പിടിച്ച നേതാവ്: കേരള വ്യാപാരി വ്യവസായി എകോപന സമിതി

**കൊച്ചി:** കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസിന്റെ മുതിർന്ന നേതാവുമായ ഉമ്മൻ ചാണ്ടിയുടെ വിയോഗം നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റി അനുശോചന സന്ദേശത്തിൽ പറഞ്ഞു. കേരളത്തിലെ വ്യാപാരി സമൂഹത്തെ എന്നും ചേർത്തു പിടിച്ചിട്ടുള്ള വ്യക്തിയായിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ ഭരണനൈപുണ്യം എക്കാലവും ഓർമ്മിക്കപ്പെടുക തന്നെ ചെയ്യും. ഇന്ത്യയിൽ തന്നെ ആദ്യമായി വ്യാപാരികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയത് ഉമ്മൻചാണ്ടിയാണ് എന്നത് എടുത്തു പറയേണ്ടതാണ്. ഏതു സമയത്തും വ്യാപാരി സമൂഹവുമായുള്ള സ്നേഹവും അടുപ്പവും കാത്തു സൂക്ഷിച്ചിരുന്ന ഉമ്മൻ ചാണ്ടി അക്ഷരാർഥത്തിൽ പകരം വെയ്ക്കാനില്ലാത്ത ജനനേതാവായിരുന്നു. ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ ആദരാഞ്ജലി അർപ്പിക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ വേർപാടിനെ തുടർന്നുള്ള കുടുംബാഗങ്ങളുടെ ദുഖത്തിൽ വ്യാപാരി സമൂഹവും പങ്കുചേരുന്നതായും ജില്ലാ കമ്മിറ്റി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

### ഉമ്മൻ ചാണ്ടിയുടെ കാലത്ത് ആരോഗ്യ രംഗത്തുണ്ടായത് വലിയ വളർച്ച: ഡോ. ആസാദ് മൂപ്പൻ

**കൊച്ചി:** മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ.കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായി അടുത്ത ബന്ധമുണ്ടായിരുന്നു. 53 വർഷം തുടർച്ചയായി എം.എൽ.എ ആയിരുന്ന അദ്ദേഹം രണ്ട് വട്ടം മുഖ്യമന്ത്രിയായി. നിരവധി ക്ഷേമ പരിപാടികൾ ആവിഷ്കരിക്കുന്നതിനും സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. കേരളത്തിന് തന്നെ തീരാ നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗം. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കു ചേരുന്നുവെന്നും ഡോ. ആസാദ് മൂപ്പൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

# അടച്ചു പൂട്ടേണ്ടവയല്ല പൊതുവിദ്യാലയങ്ങൾ: മന്ത്രി സജി ചെറിയാൻ



**ആലപ്പുഴ:** പൊതുവിദ്യാലയങ്ങൾ കേരളത്തിന്റെ വളർച്ചയുടെ പ്രധാന കേന്ദ്രങ്ങളെന്ന് ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. അടച്ചു പൂട്ടേണ്ടവയല്ല പൊതുവിദ്യാലയങ്ങളെന്നും ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് ഗവ. യു.പി.സ്കൂളിൽ പുതുതായി നിർമ്മിച്ച ക്ലാസ് മുറിയും ബി.ആർ.സി. ഒരുക്കിയ വർണ്ണക്കൂടാരവും ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.മികച്ച വിദ്യാഭ്യാസം നൽകി സംസ്ഥാനത്തെ കുട്ടികളെ ലോകത്തിന്റെ എല്ലായിടത്തും എത്തിക്കാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയണം. സംസ്ഥാന സർക്കാർ ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്ന മേഖലയാണ് ഉന്നത വിദ്യാഭ്യാസം. കുട്ടികൾ മതബോധത്തോടെയോ ജാതിബോധത്തോടെയോ അല്ല വളർന്നു വരേണ്ടത്. പൗര ബോധത്തോടെയാണ്. അവരിൽ പൗരബോധം വളർത്തിയെടുക്കാൻ സംസ്ഥാന സർക്കാർ ബാലകേരളം എന്നൊരു പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അതിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. ദേവികുളങ്ങരയിലും ഒരു കേന്ദ്രം ഉണ്ടാകും. കോളേജുകൾ എല്ലാം ഗവേഷണ കേന്ദ്രങ്ങളായി മാറണം. ഇതിനായി സംസ്ഥാന സർക്കാർ വലിയ നിക്ഷേപമാണ് ഒരുക്കിയിരിക്കുന്നത്. കായംകുളം മണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മികച്ചതായി മാറിയിട്ടുണ്ട്. ഇന്ത്യയിലെ അപൂർവ്വം യൂണിവേഴ്സിറ്റികൾക്ക് ലഭിക്കുന്ന എ പ്ലസ് പ്ലസ് അംഗീകാരം നേടിയ കേരള യൂണിവേഴ്സിറ്റി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനമാണ്. കേരളത്തിലെ കുട്ടികൾ ഇവിടെ പഠിക്കുകയും കേരളത്തിന് പുറത്തുള്ള കുട്ടികളെ ഇവിടുത്തെ വിദ്യാഭ്യാസ രീതി കൊണ്ട് ആകർഷിക്കുകയും ചെയ്യുന്ന എജുക്കേഷൻ ഹബ്ബാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. നൈപുണ്യമുള്ള തലമുറയെ ലോകത്തിന് നൽകാൻ സാധിക്കണം. എന്നാൽ കേവലം എഴുത്തും വായനയും മാത്രമല്ല വിദ്യാഭ്യാസം. ജീവിത പ്രതിസന്ധികളെ അതിജീവിക്കാനും ജീവിതത്തിൽ ഫുൾ എ പ്ലസ് നേടാനും കഴിയുന്ന തലമുറയെ വളർത്തിയെടുക്കണമെന്നും മന്ത്രി പറഞ്ഞു. പുതുപ്പള്ളി ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഫണ്ട് നൽകുമെന്നും മന്ത്രി പറഞ്ഞു.സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ യു. പ്രതിഭ എം.എൽ.എ. അധ്യക്ഷത വഹിച്ചു. എ.എം. ആരിഫ് എം.പി. മുഖ്യപ്രഭാഷണം നടത്തി. സമഗ്ര ശിക്ഷാ കേരളം ഡി.പി.സി. ഡി.എം. രജനീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിപിൻ സി. ബാബു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി, ബ്ലോക്ക് പഞ്ചായത്ത് അംഗം വയലിൽ നൗഷാദ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. പവനനാഥൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നീതുഷാരാജ്, ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷ എസ്. രേഖ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷ ഇ. ശ്രീദേവി, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷ കെ. ചിത്രലേഖ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ആർ. രാജേഷ്, രാധാകൃഷ്ണൻ, ലീനാരാജു, പി.സ്വാമിനാഥൻ, ശ്യാമവേണു, ലീന, പ്രശാന്ത് രാജേന്ദ്രൻ, ശ്രീലത, രജനി ബിജു, മിനി മോഹൻ ബാബു, എ.ഇ.ഒ. എ.സിന്ധു, ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി.ജെ.പോൾ, സമഗ്ര ശിക്ഷ കേരളം പ്രോഗ്രാം ഓഫീസർ പി.എ.സിന്ധു, ബി.പി.സി. എസ്.ദീപ, എസ്.എം.സി. ചെയർമാൻ ജയകുമാർ തെക്കൻശ്ശേരിൽ, എസ്.ഷീജ, സ്റ്റാഫ് സെക്രട്ടറി ആർ.വിജയലക്ഷ്മി, ഹെഡ്മിസ്ട്രസ് ആർ.രേണുക, ബി.ആർ.സി. ട്രെയിനർ വി. ബിന്ദുമോൾ, ബി.ആർ.സി കോർഡിനേറ്റർ സീനാ സുദേവൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.പൊതുവിദ്യാലയങ്ങളിലെ പ്രീ പ്രൈമറി വിഭാഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷ കേരള കായംകുളം ബി.ആർ.സി. എന്നിവയുടെ ആഭിമുഖ്യത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ചാണ് വർണ്ണക്കൂടാരം സജ്ജമാക്കിയിരിക്കുന്നത്. കുട്ടികളുടെ സ്വാഭാവിക വളർച്ചയും വികാസവും സാധ്യമാകുന്ന തരത്തിൽ ഭൗതിക സാഹചര്യങ്ങളുടെ അന്തരീക്ഷത്തിലാണ് വർണ്ണക്കൂടാരം ഒരുക്കിയിരിക്കുന്നത്. ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് 14 ലക്ഷം രൂപ വകയിരുത്തിയാണ് പുതിയ ക്ലാസ് മുറി നിർമ്മിച്ചത്.

## പാരിസ് ഒളിമ്പിക്സ്:

# ഇന്ത്യൻ കായിക താരങ്ങൾക്ക് കരുത്ത് പകരാൻ ഫെഡറൽ ബാങ്ക്

**കൊച്ചി:** അടുത്ത വർഷം പാരിസിൽ നടക്കാനിരിക്കുന്ന ഒളിമ്പിക്സ്, പാരാലിമ്പിക്സ് കായിക മാമാങ്കങ്ങളിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് ഊർജ്ജം പകരാൻ ശാരീരിക, മാനസികാരോഗ്യ കോൺക്ലേവും ടോക്ക് ഷോകളുമായി ഫെഡറൽ ബാങ്ക്. റെവ്സ്പോർട്സുമായി കൈകോർത്താണ് ഈ വേറിട്ട പരിപാടി സംഘടിപ്പിക്കുന്നത്. കായിക താരങ്ങളുടെ ശാരീരകവും മാനസികവുമായ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വിദഗ്ധരുടെ മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനുമായി സംഘടിപ്പിക്കുന്ന 15 പ്രതിവാര ടോക്ക് ഷോകൾ ഫെഡറൽ ബാങ്ക് സ്പോൺസർ ചെയ്യും.ഇതുമായി ബന്ധപ്പെട്ട ആദ്യ ഷോയിൽ കായിക രംഗത്തെ മാനസികാരോഗ്യത്തിൻറെ പ്രാധാന്യം എന്ന വിഷയത്തെ അധികരിച്ച് പാരാലിമ്പിക് ബാഡ്മിൻറൺ താരം മാനസി ജോഷിയും പ്രമുഖ സ്പോർട്സ് കമൻറേറ്ററും എഴുത്തുകാരിയുമായ ബോറിയ മജുംദാറും സംവദിച്ചു. . ഭവിന പട്ടേൽ, എക്ത ഭ്യാൻ, പാലക് കോഹ്ലി, ദീപ മാലിക് തുടങ്ങി നിരവധി അത്ലിറ്റുകളും കായിക താരങ്ങളും തുടർന്നുള്ള ടോക്ക് ഷോകകളിൽ അണി നിരക്കും.അന്താരാഷ്ട്ര കായിക മത്സര രംഗത്ത് നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ബോധവൽക്കരിക്കാനും അവയെ അതിജീവിച്ച് വിജയത്തിനായി തയാറെടുക്കാൻ അവരെ സഹായിക്കുന്നതിനുമാണ് റെവ്സ്പോർടുമായി ചേർന്ന് ഫെഡറൽ ബാങ്ക് ഈ സംരഭം അവതരിപ്പിക്കുന്നത്.പാരാലിമ്പിക്സ്, ഒളിമ്പിക്സ് പോലുള്ള ദേശീയ അംഗീകാരമുള്ള കായിക ഇനങ്ങളെ ആഘോഷമാക്കാൻ ഫെഡറൽ ബാങ്ക് പ്രതിജ്ഞാബദ്ധമാണ്. കായിക താരങ്ങൾ നേരിടുന്ന വെല്ലുവിളികളെയും അവരുടെ വിജയകഥകളേയും രേഖപ്പെടുത്തുക എന്നത് ഇന്ത്യൻ കായിക മേഖലയുടെ വളർച്ചയ്ക്കും വിജയത്തിനും വളരെ പ്രധാനമാണ്. ശാരീരിക, മാനസികാരോഗ്യ കോൺക്ലേവും ടോക്ക് ഷോകളും സംഘടിപ്പിക്കുന്നതിലൂടെ പുതിയ കായിക താരങ്ങൾക്ക് വിദഗ്ധരിൽ നിന്ന് മാർഗനിർദേശങ്ങൾ സ്വീകരിക്കാനും മൂല്യമേറിയ ഉൾക്കാഴ്ച നേടാനും വേദി ഒരുക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്, ഫെഡറൽ ബാങ്ക് ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ അജിത് കുമാർ കെ കെ പറഞ്ഞു.പൊതു രംഗത്ത് വളരെ കുറച്ചു മാത്രം ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് ഈ ടോക്ക് ഷോകൾ ആഴത്തിൽ ചർച്ച ചെയ്യുകയും അതുവഴി നമ്മുടെ കായിക താരങ്ങളെ കൂടുതൽ അറിയാനും ആഘോഷിക്കാനും കഴിയുമെന്നും റെവ്സ്പോർട്സ് സ്ഥാപക ബോറിയ മജുംദാർ പറഞ്ഞു. ഇവരുടെ വിവരണങ്ങൾ നമ്മെ തുല്യതയിൽ വിശ്വസിക്കുന്ന മികച്ചൊരു സമൂഹമാകാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# 'റെനോ മൺസൂൺ ക്യാമ്പ്' പ്രഖ്യാപിച്ച് റെനോ ഇന്ത്യ

**ന്യൂഡൽഹി:** യൂറോപ്യൻ വാഹന ബ്രാൻഡായ റെനോ ഇന്ത്യ രാജ്യവ്യാപകമായി വിൽപ്പനാനന്തര സേവന സംരംഭമായ 'റെനോ മൺസൂൺ ക്യാമ്പ്' പ്രഖ്യാപിച്ചു. ജൂലൈ 23 വരെ ഇന്ത്യയിലെ എല്ലാ റെനോ ഡീലർഷിപ്പുകളിലും നടക്കും.മൺസൂൺ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ പ്രാഥമിക ലക്ഷ്യം മഴക്കാലത്ത് വാഹനങ്ങളുടെ മികച്ച പ്രകടനം ഉറപ്പാക്കുക എന്നതാണ്. കാറിന്റെ എല്ലാ പ്രധാന പ്രവർത്തനങ്ങളുടെയും വിശദമായ പരിശോധന സാധ്യമാക്കിക്കൊണ്ട് റെനോ ഇന്ത്യ അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് റെനോ ഉടമകൾക്ക് കോംപ്ലിമെന്ററി കാർ ചെക്ക്അപ്പ് ക്യാമ്പിൽ ലഭ്യമാണ്. വിദഗ്ധരും മികച്ച യോഗ്യതയുള്ളതുമായ സേവന സാങ്കേതിക വിദഗ്ധർ വാഹനങ്ങൾ പരിശോധിക്കുമെന്ന് റെനോ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സുധീർ മൽഹോത്ര പറഞ്ഞു, ഉപഭോക്താക്കൾക്കായി 'റെനോ മൺസൂൺ ക്യാമ്പ്' രാജ്യവ്യാപകമായി അവതരിപ്പിക്കുമെന്ന് പ്രഖ്യാപിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. റെനോയിൽ, ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കുകയും അസാധാരണമായ ബ്രാൻഡ് ഉടമസ്ഥാവകാശ അനുഭവം നൽകുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ മുൻഗണന. മൺസൂൺ ക്യാമ്പിലൂടെ, വെല്ലുവിളി നിറഞ്ഞ മൺസൂൺ സീസണിൽ റെനോ വാഹനങ്ങളുടെ പ്രകടനവും സുരക്ഷയും ഒപ്റ്റിമൈസ് ചെയ്യാൻ തങ്ങൾ ലക്ഷ്യമിടുന്നു. വിദഗ്ദ്ധരായ സാങ്കേതിക വിദഗ്ധർ നടത്തുന്ന കോംപ്ലിമെന്ററി കാർ ചെക്ക്അപ്പുകൾ, ആകർഷകമായ ഓഫറുകൾ, ആകർഷകമായ പ്രവർത്തനങ്ങൾ എന്നിവയിലൂടെ, ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവിസ്മരണീയമായ അനുഭവം സൃഷ്ടിക്കാൻ തങ്ങൾ ശ്രമിക്കുന്നു.ഒരാഴ്ച നീണ്ടുനിൽക്കുന്ന ഈ സംരംഭത്തിൽ, ഡീലർഷിപ്പുകൾ സന്ദർശിക്കുന്ന ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത ഭാഗങ്ങളിൽ 10% കിഴിവ്, തിരഞ്ഞെടുത്ത ആക്സസറികൾക്ക് 50% വരെ കിഴിവ്, ലേബർ ചാർജിൽ 15% കിഴിവ് എന്നിവ ഉൾപ്പെടെയുള്ള ആകർഷകമായ ഓഫറുകളും ലഭിക്കും. കൂടാതെ, ങ്യ ഞലിമൗഹ േഉപഭോക്താക്കൾക്ക് (ങഥഞ) 5% അധിക കിഴിവ്, തിരഞ്ഞെടുത്ത ഭാഗങ്ങൾ & ആക്സസറികൾ, തിരഞ്ഞെടുത്ത ടയർ ബ്രാൻഡുകൾക്ക് പ്രത്യേക ഓഫറുകൾ, കോംപ്ലിമെന്ററി കാർ ടോപ്പ് വാഷ് എന്നിവയും ലഭിക്കും. ഞലിമൗഹ േകിറശമ 10% കിഴിവ് 'ഞലിമൗഹ േടലരൗൃല', 'ഞലിമൗഹ േഅൈെശേ' എന്നിവയും വിപുലീകൃത വാറന്റിയും റോഡ്സൈഡ് അസിസ്റ്റൻസും വാഗ്ദാനം ചെയ്യുന്നു. സമഗ്രമായ കാർ ചെക്ക്അപ്പ് സൗകര്യങ്ങൾക്കും പ്രത്യേക ഓഫറുകൾക്കും പുറമേ, ഉറപ്പുള്ള സമ്മാനങ്ങളോടെ ഉപഭോക്താക്കൾക്കായി രസകരമായ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.




# ജോയ് ആലുക്കാസിൽ അനുഗ്രഹ ബ്രൈഡൽ ഫെസ്റ്റ്

Joyalukkas
World's favourite jeweller

**കൊച്ചി:** കരകൗശല വൈദഗ്ധ്യവും സാംസ്കാരിക പൈതൃകവും സംഗമിക്കുന്ന ബ്രൈഡൽ ആഭരണങ്ങളുടെ വൈവിധ്യവും വിപുലവുമായ ശേഖരവുമായി ജോയ് ആലുക്കാസ് അനുഗ്രഹ ബ്രൈഡൽ ഫെസ്റ്റിന് തുടക്കമായി. ഇന്ത്യയുടെ വൈവിധ്യമാർന്ന സംസ്കാരികാഘോഷങ്ങളെ പ്രത്യേകിച്ച് വിവാഹാഘോഷ വേളകളെ കൂടുതൽ മിഴിവുറ്റതാക്കുന്ന കമനീയ ഡിസൈനുകളുടെ വലിയ ശേഖരം തന്നെ അനുഗ്രഹ ബ്രൈഡൽ ഫെസ്റ്റിൽ ഒരുക്കിയിരിക്കുന്നതായി ജോയ്ആലുക്കാസ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.കശ്മീർ മുതൽ കന്യാകുമാരി വരെയുള്ള സാംസ്കാരിക വൈവിധ്യങ്ങളെ ഇഴചേർത്താണ് ഈ ശ്രേണിയിലെ ആഭരണങ്ങളെല്ലാം ജോയ്ആലുക്കാസിന്റെ സ്വന്തം കരകൗശല വിദഗ്ധർ ഡിസൈൻ ചെയ്തിരിക്കുന്നത്. ആഭരണ പ്രേമികൾക്കിടയിൽ വലിയ സ്വീകാര്യതയുള്ള കളക്ഷനാണിവ. അനുഗ്രഹ ബ്രൈഡൽ ഫെസ്റ്റിന്റെ ഭാഗമായി ഡയമണ്ട് ആഭരണങ്ങൾക്ക് 25 ശതമാനം ഇളവും നൽകുന്നുണ്ട്. വിവാഹങ്ങൾക്കായി ഒരുങ്ങുന്ന കുടുംബങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന മികച്ച ഓഫറാണിത്. 2023 ഓഗസ്റ്റ് 27 വരെ ഇന്ത്യയിലുടനീളമുള്ള ജോയ്ആലുക്കാസ് ഷോറൂമുകളിൽ ഈ ഇളവ് ലഭ്യമാണ്. വജ്രാഭരണങ്ങൾ കൊണ്ട് അണിഞ്ഞൊരുങ്ങാൻ ഇഷ്ടപ്പെടുന്ന നാരിമാർക്ക് മികച്ച ആനുകൂല്യമാണ് ഡയമണ്ട് ആഭരണങ്ങൾക്കുള്ള ഈ ഇളവ്. അനുഗ്രഹഫെസ്റ്റിന്റെ ഭാഗമാണ് ഈയിടെ അവതരിപ്പിച്ച സീതാ കല്യാണം വെഡിങ് കളക്ഷനും. ഇളവുകൾക്കൊപ്പം ആഭരണ പ്രേമികൾക്ക് ലോകോത്തര ഷോപ്പിങ് അനുഭവവും തങ്ങളുടെ ഷോറൂമുകളിൽ ലഭിക്കുമെന്ന് ജോയ് ആലുക്കാസ് പറഞ്ഞു.

# ഡോ. ടി കെ രാമചന്ദ്രൻ സ്മാരക പ്രഭാഷണം 22 ന്



**കൊച്ചി:** ഇടതു ചിന്തകനും സാമൂഹ്യവിമർശകനും ദാർശനികനുമായിരുന്ന ഡോ. ടി. കെ രാമചന്ദ്രന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ വർഷം തോറും സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പര ജൂലൈ 22 ന് നടക്കും. നമ്മുടെ ഭരണഘടനയുടെ രാജ്യം (India: Her Constitution's Coutnry) എന്ന വിഷയത്തിൽ സുപ്രീം കോടതി സീനിയർ അഭിഭാഷകയും ആക്റ്റിവിസ്റ്റുമായ ഡോ. മേനക ഗുരുസ്വാമിയാണ് ഇത്തവണത്തെ ടികെ സ്മാരക പ്രഭാഷണം നടത്തുന്നത്. പനമ്പിള്ളി നഗറിലുള്ള കെഎംഎ ഹാളിൽ വൈകീട്ട് 6നോണ് പരിപാടി.ചിന്തകനും പ്രഭാഷകനും എഴുത്തുകാരനും അധ്യാപകനും സാംസ്കാരിക വിമർശകനുമായിരുന്ന ഡോ. ടി കെ രാമചന്ദ്രൻ മതേതരത്വത്തിന്റേയും ബഹുസ്വരതയുടേയും ശക്തനായ വക്താവായി നിന്നുകൊണ്ട് കേരളത്തിന്റെ ബൗദ്ധിക ചക്രവാളം വികസിപ്പിച്ചയാളാണ്. 200 ജൂലൈ 21ന് അദ്ദേഹം മരിച്ചെങ്കിലും മലയാളികളായ ഒരു വലിയ സമൂഹം വായനക്കാരും ആരാധകരും വിദ്യാർത്ഥികളും ഇപ്പോഴും അദ്ദേഹത്തിന്റെ ചിന്തകളിൽ നിന്ന് ഊർജം സംഭരിക്കുന്നവരാണ്.ടികെയുടെ ജന്മനാടായ കൊച്ചയിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ കൂട്ടായ്മയായ ഫ്രണ്ട്സ് ഓഫ് ടികെയാണ് 2015 മുതൽ ഡോ. ടി കെ രാമചന്ദ്രൻ സ്മാരക പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു വരുന്നത്. ഇതിനു മുമ്പ് ഡോ. കെ. സച്ചിദാനന്ദൻ (2015), സദാനന്ദ് മേനോൻ (2016), ടി എം കൃഷ്ണ (2017), മുകുൾ കേശവൻ (2018), ടോണി ജോസഫ് (2019), സ്വര ഭാസ്കർ (2022) എന്നിവരാണ് പ്രഭാഷണങ്ങൾ നടത്തിയത്.

# കാർഗിൽ വിജയ് ദിവസ്: ഇന്ത്യൻ സൈന്യം മോട്ടോർസൈക്കിൾ റാലി ആരംഭിച്ചു



**ന്യൂ ഡൽഹി:** 1999ലെ കാർഗിൽ യുദ്ധത്തിൽ പാക്കിസ്ഥാനെതിരായ 24 വർഷത്തെ വിജയത്തിന്റെ സ്മരണയ്ക്കായും സ്ത്രീശക്തി ഉയർത്തിക്കാട്ടുന്നതിനുമായി, ഇന്ത്യൻ സൈന്യം ഡൽഹിയിലെ ദേശിയ യുദ്ധ സ്മാരകത്തിൽ നിന്ന് ദ്രാസിലെ കാർഗിൽ യുദ്ധസ്മാരകത്തിലേക്ക് (ലഡാക്ക്) ട്രൈസർവീസസ് നാരി ശശക്തികരൺ വനിതാ മോട്ടോർസൈക്കിൾ റാലി ആരംഭിച്ചു. ന്യൂ ഡൽഹിയിലെ ദേശിയ യുദ്ധ സ്മാരകത്തിൽ നിന്ന് കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ വനിതകൾ മാത്രമുള്ള മോട്ടോർസൈക്കിൾ റാലി ഫ് ളാഗ് ഓഫ് ചെയ്തു.25 അംഗ സംഘത്തിൽ രണ്ട് വീർ നാരികൾ ഉൾപ്പെടുന്നു. ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഒരു ഉദ്യോഗസ്ഥ;, ഇന്ത്യൻ സൈന്യത്തിലെ 10 വനിതാ ഓഫീസർമാരും മൂന്ന് വനിതാ സൈനികരും; ഇന്ത്യൻ എയർഫോഴ്സ്, ഇന്ത്യൻ നേവി എന്നിവയിലെ ഓരോ വനിതാ ഓഫീസർ വീതം; എട്ട് സായുധ സൈനികരുടെ ഭാര്യമാരും സംഘത്തിൽ ഉൾപ്പെടുന്നു.റാലി ഏകദേശം 1000 കിലോമീറ്റർ ദൂരം പിന്നിടും. അതിൽ സംഘം ഹരിയാന, പഞ്ചാബ് സമതലങ്ങളിലൂടെയും ജമ്മു കശ്മീരിലെയും ലഡാക്കിലെയും ഉയർന്ന പർവത നിരകളിലെ ചുരങ്ങളിലൂടെയും സഞ്ചരിച്ച് ജൂലൈ 25 ന് ദ്രാസിലെ കാർഗിൽ യുദ്ധസ്മാരകത്തിൽ എത്തിച്ചേരും. എൻസിസി കേഡറ്റുകൾ, വിവിധ സ്കൂൾ/കോളേജുകളിലെ വിദ്യാർത്ഥികൾ, വിമുക്തഭടന്മാർ, വീര വനിതകൾ എന്നിവരുമായി സംഘം സംവദിക്കും.

# ഡെങ്കി: രോഗലക്ഷണങ്ങളെ അവഗണിക്കരുതെന്ന് ആരോഗ്യവകുപ്പ്



ആലപ്പുഴ: ഡെങ്കി കേസുകളും മരണങ്ങളും സംസ്ഥാനമൊട്ടാകെ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ രോഗലക്ഷണങ്ങൾ അവഗണിക്കാതെ കൃത്യസമയത്ത് ശരിയായ ചികിത്സ തേടണമെന്ന് ജില്ല മെഡിക്കൽ ഓഫീസറുടെ ഓഫീസ് അറിയിച്ചു. അപായ സൂചനകൾ തിരിച്ചറിഞ്ഞ് അടിയന്തര ചികിത്സാസഹായം ഉറപ്പാക്കുന്നത് മരണം ഒഴിവാക്കാൻ സഹായിക്കും.പനി ,കഠിനമായ ദേഹവേദന, തലവേദന കണ്ണിനു പുറകിൽ വേദന സന്ധിവേദന തുടങ്ങിയവയാണ് ഡെങ്കിപ്പനിയുടെ പ്രാരംഭലക്ഷണങ്ങൾ .രോഗബാധിതർ ചികിത്സയോടൊപ്പം പരിപൂർണ്ണ വിശ്രമം എടുക്കേണ്ടതാണ്. തുടർച്ചയായ ചർദ്ദി ,വയറുവേദന ,ശരീരത്തിൽ ഏതെങ്കിലും ഭാഗത്തുനിന്ന് രക്തസ്രാവം ഉണ്ടാവുക, കറുത്ത മലം, ശ്വാസംമുട്ട് ,ശരീരം ചുവന്നു തടിക്കുക ,കഠിനമായ ക്ഷീണം ശ്വാസതടസ്സം രക്തസമ്മർദ്ദം താഴുക എന്നിവ അപായ സൂചനകളാണ്. കുഞ്ഞുങ്ങൾക്ക് രോഗബാധഉണ്ടായാൽ ശരീരോഷ്മാവ് കുറയ്ക്കാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ കൃത്യമായി നൽകുക . തിളപ്പിച്ചാറിയ വെള്ളവും മറ്റ് പാനീയങ്ങളും പോഷകാഹാരവും നൽകുക. വിശ്രമിക്കുക . ജലാംശം ശരീരത്തിൽ കുറയുന്നതിന്റെ സൂചനകൾ ഉണ്ടെങ്കിൽ തിരിച്ചറിയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുഞ്ഞുങ്ങളുടെ ഉയർന്ന ശരീരതാപനില കുറയാതിരിക്കുക, ആഹാരം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനുള്ള അസ്വസ്ഥത നാവ് , വായ,ചുണ്ട് എന്നിവ വരണ്ടു കാണുക , മയക്കം, ക്ഷീണത്തോടെ ഉറക്കം തൂങ്ങി ഇരിക്കുക, മൂത്രത്തിന്റെ അളവ് കുറയുക കഠിനമായ കാല് വേദന,ചർദിൽ വയറുവേദന,മോണ പോലെയുള്ള ശരീര ഭാഗങ്ങളിൽ നിന്ന് രക്തസ്രാവം ഉണ്ടാവുക, അപസ്മാരം തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് അടിയന്തരമായി ഡോക്ടറെ കാണേണ്ടതാണ്.പനി മാറിയാലും മൂന്നുനാലു ദിവസം കൂടി ശ്രദ്ധിക്കണം.ഉപ്പിട്ട കട്ടിയുള്ള കഞ്ഞി വെള്ളം കരിക്കിൻ വെള്ളം പഴ ചാറുകൾ മറ്റു പാനീയങ്ങൾ തിളപ്പിച്ചാറിയ വെള്ളം എന്നിവ ധാരാളം കുടിക്കണം .സ്വയം ചികിത്സ പാടില്ല. ഡോക്ടറുടെ നിർദ്ദേശം ഇല്ലാതെ വേദനസംഹാരികൾ പോലെയുള്ള മരുന്നുകൾ വാങ്ങി കഴിക്കരുതെന്നും നിർദ്ദേശമുണ്ട്.

## കർഷകർക്ക് ആശ്വാസം : ഞെരിയാംകുഴി തോട്ടിൽ തടയണ നിർമ്മിക്കും

**കൊച്ചി:**കരീപ്പത്താഴം പാടത്തെ കർഷകർക്ക് കൃഷിയാവശ്യത്തിന് വെള്ളം എത്തിക്കാനുള്ള ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം. പാടത്തിനു സമീപമുള്ള ഞെരിയാംകുഴി തോട്ടിൽ തടയിണയുടെ നിർമ്മിക്കുന്നു. തടയണ നിർമ്മാണത്തിനു സർക്കാർ അനുമതി ലഭിച്ചെന്ന് പി. വി. ശ്രീനിജിൻ എം. എൽ. എ. പറഞ്ഞു. എം. എൽ. എ യുടെ ആസ്തി വികസന ഫിൽ നിന്നും 33.50 ലക്ഷം രൂപ അനുവദിച്ചാണ് നിർമ്മാണം. ഐക്കാരനാട് പഞ്ചായത്തിലെ ആറാം വാർഡിലാണ് കരീപ്പത്താഴം പാടശേഖരം. 300 ഏക്കറോളം വരുന്ന പാടത്തു കൃഷി ആവശ്യങ്ങൾക്കായി ഞെരിയാംകുഴിതോട്ടിലെ ജലമാണ് ഉപയോഗിക്കുന്നത്. എന്നാൽ തോടിന്റെ ആഴം വർദ്ധിപ്പിച്ചത് വയലിലേക്കുള്ള ജലത്തിന്റെ ഒഴുക്കിന് തടസ്സം സൃഷ്ടിച്ചു. അതിനാൽ ഇരിപ്പൂകൃഷി ഇറക്കിയിരുന്ന പാടത്തേക്ക് ആവശ്യമായ ജലം എത്തിക്കാൻ കർഷർ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. പൈപ്പുകളും കമ്പുകളും പലകയും ഉപയോഗിച്ച് എല്ലാ വർഷവും താത്കാലികമായി തടയണ നിർമ്മിക്കും. വർഷകാലത്ത് വെള്ളം കൂടുന്ന സാഹചര്യം ഉാകുമ്പോൾ താത്കാലിക തടയണ നശിക്കുകയും വൻ തുക കർഷകർക്ക് നഷ്ടമാവുകയും ചെയ്യുന്നു. തടയണ യാഥാർഥ്യമാകുന്നത്തോടെ കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹരമാകുമെന്ന് കർഷകർ പറയുന്നു. എം എൽ എ യുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ നടന്ന ജനസഭയിൽ ഇതുസംബന്ധിച്ച് കർഷകർ പരാതി ഉന്നയിച്ചിരുന്നു. ടെർ നടപടികൾ പൂർത്തിയാക്കി പദ്ധതി വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി എം എൽ. എ. അറിയിച്ചു.

## പരാതി പരിഹാര അദാലത്ത്

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലയിൽ കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പ്ലാനിംഗ് ഹാളിൽ ജൂലൈ 19, 20 (ബുധൻ, വ്യാഴം) തീയതികളിൽ പരിഹാര അദാലത്ത് നടത്തുന്നു. അദാലത്തിന് കമ്മീഷൻ ചെയർമാൻ ബി.എസ് മാവോജി, മെമ്പർമാരായ *എസ്. അജയകുമാർ (എക്സ്. എം.പി.), അഡ്വ. സൗമ്യ സോമൻ എന്നിവർ അദാലത്തിന് നേതൃത്വം നൽകും.പട്ടികജാതി പട്ടിക ഗോത്ര വർഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിലിരിക്കുതുമായ കേസുകളിൽ, പരാതിക്കാരെയും പരാതി എതിർ കക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേസ് പരാതികൾ തീർപ്പാക്കും. അതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കുന്നതിനും സൗകര്യം ഉായിരിക്കും. പരാതി പരിഹാര അദാലത്തുകളിൽ ബന്ധപ്പെട്ട പോലീസ് ഓഫീസർമാർ, റവന്യു വകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, സഹകരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും.

## പൊതുസ്ഥലത്ത് മാലിന്യം തള്ളൽ; കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 118000 രൂപ പിഴ ചുമത്തി

**കൊച്ചി:** പൊതുസ്ഥലത്ത് മാലിന്യം തള്ളിയതിന് കടങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 118000 രൂപ പിഴ ചുമത്തി. മാലിന്യം തള്ളുന്നവരെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം നൽകണമെന്ന കേരള സർക്കാരിന്റെ ഉത്തരവ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്നാണ് ഇത്രയധികം തുക പിഴ ചുമത്താനായത്.പുറമ്പോക്ക് ഭൂമിയിലും വഴിയരികിലും മറ്റും മാലിന്യം തള്ളുന്നവരുടെ ചിത്രങ്ങൾ പകർത്തി തെളിവുസഹിതമാണ് പ്രദേശവാസികൾ പഞ്ചായത്തിനെ അറിയിച്ചത്. ഉത്തരവ് പ്രാബല്യത്തിൽ വന്നതിനു ശേഷം മാലിന്യം തള്ളിയതുമായി ബന്ധപ്പെട്ട് ഒരു ദിവസം ഒരു കേസ് എങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ പറഞ്ഞു.1000 രൂപ മുതൽ 25000 രൂപ വരെയാണ് പിഴ ഈടാക്കുന്നത്. പിഴ ചുമത്തുന്നതിന്റെ 25% രൂപയാണ് വിവരങ്ങൾ നൽകുന്നവർക്ക് ലഭിക്കുന്നത്. വിവരങ്ങൾ നൽകി മൂന്ന് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ച ശേഷമാണ് തുക ലഭ്യമാകുക. പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'എന്റെ കടങ്ങല്ലൂർ ശുചിത്വം സുന്ദരം' എന്ന പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ പുരോഗമിക്കുന്നത്. പുതുതായി ഒരു ഹെൽത്ത് ഇൻസ്പെക്ടറിന്റെ തസ്തിക കൂടി അനുവദിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഗ്ലോബൽ മാരിടൈം ഇന്ത്യ ഉച്ചകോടി 2023: 'കർട്ടൻ റൈസർ' ഉദ്ഘാടനം ചെയ്തു




**ന്യൂ ഡൽഹി:** ഗ്ലോബൽ മാരിടൈം ഇന്ത്യ ഉച്ചകോടിയുടെ (GIMS) കർട്ടൻ റൈസർ ഉദ്ഘാടനം കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, മന്ത്രി സർബാനന്ദ സോനോവാൾ മുംബൈയിൽ ഉദ്ഘാടനം ചെയ്തു. വ്യാപാരത്തിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും ലളിതമായ ബിസിനസ്സ് നടപടിക്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അറിവിന്റെയും സാങ്കേതികവിദ്യയുടെയും സഹകരണം, പുതിയ നിക്ഷേപ അവസരങ്ങൾക്കുള്ള സാധ്യതകൾ തുറക്കൽ എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ചടങ്ങിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ് സഹമന്ത്രി ശ്രീപദ് നായിക് ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയിൽ സമുദ്രമേഖലയുടെ സുപ്രധാന പങ്കിനെക്കുറിച്ചും ഏഷ്യപസഫിക് മേഖലയിൽ അതിനുള്ള സാധ്യതകളെയും കുറിച്ചും കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ ചൂണ്ടിക്കാട്ടി.തുറമുഖങ്ങൾ, കപ്പൽ ഗതാഗതം, ഉൾനാടൻ ജലപാതകൾ എന്നിവയുമായി ബന്ധപ്പെട്ട ഗവൺമെന്റ് നയങ്ങളിലൂടെ ഇന്ത്യയുടെ സമുദ്രമേഖല വേഗത്തിലുള്ള വളർച്ചയ്ക്ക് ഒരുങ്ങുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സമുദ്രമേഖലയിൽ 10 ലക്ഷം കോടി രൂപയിലധികം നിക്ഷേപ സാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. ഇതുവഴി 15 ലക്ഷത്തിലധികം യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു വലിയ സാമ്പത്തിക മുന്നേറ്റത്തിന്റെ പാതയിലാണ് രാജ്യം സ്ഥിതി ചെയ്യുന്നതെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.മേഖലയിലുടനീളമുള്ള വ്യാപാരവും ഗതാഗതവും ഫലപ്രദമായി സുഗമമാക്കുന്ന സുപ്രധാന സംരംഭമായ 5,000 കിലോമീറ്റർ ബഹുരാജ്യ ജലപാതകൾ സ്ഥാപിക്കുന്നതിന് ഇന്ത്യ സജീവമായി നേതൃത്വം നൽകുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയെ ഒരു ആഗോള സമുദ്ര കേന്ദ്രമായി സ്ഥാപിക്കാനുള്ള ഗവൺമെന്റ് ശ്രമങ്ങളിലെ നിർണായക നാഴികക്കല്ലാണ് ഉച്ചകോടിയെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രസഹമന്ത്രി ശ്രീപദ് നായിക് പറഞ്ഞു. സഹകരണപരമായ ചർച്ചകളിലൂടെയും തന്ത്രപരമായ പങ്കാളിത്തത്തിലൂടെയും, നൂതനാശയങ്ങളും അത്യാധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ച് സുസ്ഥിരമായ വളർച്ചയിലേക്ക് നമ്മുടെ സമുദ്രമേഖലയെ മുന്നോട്ട് നയിക്കാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നതായും അദ്ദേഹം വ്യക്തമാക്കി.ഉച്ചകോടിയുടെ അജണ്ടയുടെയും ചർച്ചാ സെഷനുകളുടെയും സമഗ്രമായ വിവരങ്ങൾ നൽകുന്ന ജിഎംഐഎസ് ഉച്ചകോടിയുടെ ഔദ്യോഗിക ബ്രോഷറിന്റെ അനാച്ഛാദനവും വെബ്സൈറ്റിന്റെയും മൊബൈൽ ആപ്പിന്റെയും ഉദ്ഘാടനവും കർട്ടൻ റൈസർ പരിപാടിയുടെ ഭാഗമായി നടന്നു.ഒക്ടോബർ 17 മുതൽ 19 വരെ ന്യൂ ഡൽഹിയിലെ പ്രഗതി മൈതാനത്താണ് ഉച്ചകോടി നടക്കുന്നത്. ഫിക്കി (FICCI) യുടെ വ്യവസായ പങ്കാളിത്തത്തോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

# ഐഎൻഎസ് സഹ്യാദ്രിയും ഐഎൻഎസ് കൊൽക്കത്തയും ജക്കാർത്തയിലേക്ക്

**ന്യൂ ഡൽഹി:** തെക്ക് കിഴക്കൻ ഇന്ത്യൻ സമുദ്ര മേഖലയിൽ വിന്യസിച്ചിരിക്കുന്ന ഇന്ത്യൻ നാവികസേനയുടെ രണ്ട് മുൻനിര നാവിക കപ്പലുകളായ ഐഎൻഎസ് സഹ്യാദ്രി, ഐഎൻഎസ് കൊൽക്കത്ത എന്നിവ ജൂലൈ 17 ന് ജക്കാർത്തയിലെത്തി. കപ്പലുകൾക്ക് ഇന്തോനേഷ്യൻ നാവികസേന ഊഷ്മളമായ സ്വീകരണം നൽകി .പോർട്ട് കോളിനിടെ, ഇരു നാവികസേനകളും തമ്മിലുള്ള പരസ്പര സഹകരണവും ധാരണയും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ഇന്ത്യൻ, ഇന്തോനേഷ്യൻ നാവിക സേനകളിലെ ഉദ്യോഗസ്ഥർ വിപുലമായ പ്രൊഫഷണൽ ഇടപെടലുകൾ, സംയുക്ത യോഗ സെഷനുകൾ, കായിക മത്സരങ്ങൾ, ക്രോസ്ഡെക്ക് സന്ദർശനങ്ങൾ എന്നിവയിൽ ഏർപ്പെടും.രണ്ട് നാവികസേനകൾക്കിടയിൽ ഇതിനകം നിലനിൽക്കുന്ന ഉയർന്ന അളവിലുള്ള പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് രണ്ട് കപ്പലുകളും ഇൻഡോനേഷ്യൻ നാവികസേനയുമായി കടലിൽ മാരിടൈം പാർട്ണർഷിപ്പ് അഭ്യാസത്തിൽ പങ്കെടുക്കും.ഐഎൻഎസ് സഹ്യാദ്രി തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച മൂന്നാമത്തെ പ്രൊജക്റ്റ്17 ക്ലാസ് സ്റ്റെൽത്ത് ഫ്രിഗേറ്റാണ്. പ്രോജക്റ്റ്15 എ ക്ലാസിന്റെ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ആദ്യത്തെ സ്റ്റെൽത്ത് ഡിസ്ട്രോയറാണ് ഐഎൻഎസ് കൊൽക്കത്ത. മുംബൈയിലെ മസഗോൺ



ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡിലാണ് രണ്ട് കപ്പലുകളും നിർമ്മിച്ചിരിക്കുന്നത്.

# ഭൂമി സമ്മാൻ 2023 രാഷ്ട്രപതി വിതരണം ചെയ്തു

**ന്യൂ ഡൽഹി:** കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ 'ഭൂമി സമ്മാൻ ' 2023 രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു വിതരണം ചെയ്തു. ഭൂമി രേഖകളുടെ ഡിജിറ്റൽ നവീകരണ പദ്ധതിയുടെ (ഡിഐഎൽആർഎംപി) പ്രധാന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിൽ മികവ് പുലർത്തിയ സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരും ജില്ലാ കളക്ടർമാരും ഉദ്യോഗസ്ഥ സംഘവും അവാർഡുകൾ ഏറ്റുവാങ്ങി.ഭൂരിഭാഗം ഗ്രാമീണരും ഉപജീവന മാർഗത്തിന് ഭൂവിഭവങ്ങളെ ആശ്രയിക്കുന്നതിനാൽ ഗ്രാമീണ മേഖലകളുടെ വികസനത്തിന് ഭൂരേഖകളുടെ നവീകരണം അടിസ്ഥാന ആവശ്യമാണെന്ന് ചടങ്ങിൽ സംസാരിച്ച രാഷ്ട്രപതി പറഞ്ഞു. സമഗ്രമായ ഒരു സംയോജിത ഭൂമി പരിപാലന സംവിധാനം വളരെ പ്രധാനമാണ്. ഡിജിറ്റൈസേഷൻ സുതാര്യത വർദ്ധിപ്പിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു. ഭൂരേഖകൾ ഡിജിറ്റലാക്കുന്നതും വിവിധ ഗവൺമെന്റ് വകുപ്പുകളുമായി അവ ബന്ധിപ്പിക്കുന്നതും ക്ഷേമപദ്ധതികൾ കൃത്യമായി നടപ്പാക്കാൻ സഹായിക്കും. ദുരന്തങ്ങൾ മൂലം രേഖകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിലും ഇത് വലിയ സഹായമാകും.ഡിജിറ്റൽ ഇന്ത്യ ലാൻഡ് ഇൻഫർമേഷൻ മാനേജ്മന്റ് സംവിധാനത്തിന് കീഴിൽ ഒരു പ്രത്യേക ലാൻഡ് പാഴ്സൽ ഐഡന്റിഫിക്കേഷൻ നമ്പർ നൽകുന്നതിൽ രാഷ്ട്രപതി സന്തുഷ്ടി പ്രകടിപ്പിച്ചു. ഈ നമ്പർ, പുതിയ ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഭൂമിയുടെ ശരിയായ ഉപയോഗത്തിനും സഹായിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. ഭൂരേഖകളും രജിസ്ട്രേഷൻ ഡാറ്റാ ബേസും ഇകോടതികളുമായി ബന്ധിപ്പിക്കുന്നത് നിരവധി പ്രയോജനങ്ങൾ സൃഷ്ടിക്കും. ഡിജിറ്റൈസേഷനിലൂടെ ലഭിക്കുന്ന സുതാര്യത ഭൂമിയുമായി ബന്ധപ്പെട്ട നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയും. ഭൂമിയുടെ ഉടമസ്ഥാവകാശവും ഉപയോഗവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ പദ്ധതിയിലൂടെ സൗജന്യമായും സൗകര്യപ്രദമായും ലഭിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു.

# ഗ്ലോബൽ ട്രേഡ് എക്സ്പോ സെപ്റ്റംബർ 20 മുതൽ

**കൊച്ചി:** കോലഞ്ചേരി ഏരിയ പ്രവാസി സഹകരണ സംഘം ബിസിനസ് കേരളയുടെയും, ഇൻഡോ ട്രാൻസ് വേൾഡ് ചേമ്പർ ഓഫ് കൊമേഴ്സിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന രണ്ടാമത് ഗ്ലോബൽ ട്രേഡ് എക്സ്പോ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സെപ്റ്റംബർ 20 മുതൽ 24 വരെ നടക്കും.കേരള സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച വ്യവസായ വികസനത്തിലധിഷ്ഠിതമാണന്ന തിരിച്ചറിവിലാണ് ഗ്ലോബൽ ട്രേഡ് എക്സ്പ്പോ സംഘടിപ്പിക്കപ്പെടുന്നതെന്ന് സംഘാടക സമിതി ചെയർമാൻ അഡ്വ.പി.വി ശ്രീനിജൻ എം.എൽ.എ, ജനറൽ കൺവീനർ നിസാർ ഇബ്രാഹിം എന്നിവർ പറഞ്ഞു.മടങ്ങി വരുന്ന പ്രവാസികളെ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പ്രേരണ നല്കുകയെന്നതും ട്രേഡ് എക്സ്പ്പോയുടെ സംഘാടന ലക്ഷ്യമാണ്.സൗത്ത് ഇന്ത്യയിലെ ഏറ്റവും മികച്ച ട്രേഡ് എക്സ്പോയാണ് സംഘടിപ്പിക്കപ്പെടുന്നത്.നിർമ്മാണ രംഗത്തെ ഇന്ത്യയിലും വിദേശത്തുമുള്ള മികച്ച കമ്പനികളെയാണ് ട്രേഡ് എക്സ്പ്പോയിൽ പ്രതീക്ഷിക്കുന്നത്.മെഷിനറി, ഓട്ടോമോട്ടീവ്സ്, ഫർണിച്ചർ, ട്രാവൽ ആൻഡ് ടൂറിസം, അഗ്രികൾച്ചർ, ഇലക്ട്രോണിക്സ്, ഗോൾഡ് ആൻഡ് ഡയമണ്ട്സ്, കോസ്മറ്റിക്സ്, വിദ്യാഭ്യാസം,, പ്രോപ്പർട്ടി, വെഡിംഗ് തുടങ്ങിയ വ്യത്യസ്ഥങ്ങളായ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന ഇന്ത്യക്കകത്തും, പുറത്തു നിന്നുമുള്ള മൂന്നൂറോളം സ്റ്റാളുകളാണ് ഗ്ലോബൽ ട്രേഡ് എക്സ്പോയുടെ പ്രത്യേകത.

കഴിഞ്ഞ വർഷം സംഘടിപ്പിക്കപ്പെട്ട ബിസിനസ് ട്രേഡ് എക്സ്പോ വൻ വിജയമായിരുന്നു. നിരവധി യുവാക്കളെ സംരംഭക മേഖലയിലേക്ക് നയിക്കുവാൻ എക്സ്പോയിലൂടെ കഴിഞ്ഞുവെന്നതും ശ്രദ്ധേയമാണ്.എക്സ്പോയിലുടനീളം മികച്ച കലാകാരന്മാർ അണിയിച്ചൊരുക്കുന്ന കലാസന്ധ്യകളും, വ്യവസായ വികസനത്തെ പ്രചോദിപ്പിക്കുന്ന ടോക് ഷോകളും ,സെമിനാറുകളും സംഘടിപ്പിക്കപ്പെടുന്നു.ലോകമെമ്പാടുമുള്ള പ്രവാസികളുടെ കൂട്ടായ്മ എന്ന നിലയിൽ പ്രവർത്തിക്കുന്ന കേരള പ്രവാസി സംഘവും കേരളത്തിലെ ഏറ്റവും മികച്ച പ്രവാസി സഹകരണ സംഘമായ കോലഞ്ചേരി ഏരിയ പ്രവാസി സഹകരണ സംഘവും (സഅജട) കേരള പ്രവാസി കോ : ഓപ്പറേറ്റീവ് ബാങ്കും ഗ്ലോബൽ ട്രേഡ് എക്സ്പോയുടെ സംഘാടന നിരയിലുള്ളത് ഏറെ ശ്രദ്ധേയമാണ്.ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറും, നോർക്കയും, സഹകരണ വകുപ്പും എക്സ്പ്പോയുടെ വിജയത്തിനായി പ്രവർത്തന പഥത്തിലുണ്ട്. ജെ സി ഐ, ലയൺസ്, റോട്ടറിതുടങ്ങിയ സാംസ്ക്കാരിക സംഘടനകളുടെ പിന്തുണയും സഹകരണവും ഗ്ലോബൽ ട്രേഡ് എക്സ്പ്പോക്കുണ്ടെന്നും സംഘാടകർ അറിയിച്ചു.

# 'ഗഗനചാരി' ട്രെയിലർ




**കൊച്ചി:**ഗോകുൽ സുരേഷ്, അജു വർഗ്ഗീസ്, കെ ബി ഗണേഷ് കുമാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ചന്ദു സംവിധാനം ചെയ്യുന്ന 'ഗഗനചാരി' എന്ന സയൻസ് ഫിക്ഷൻ കോമഡി ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.അജിത് വിനായക ഫിലിംസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അനാർക്കലി മരിയ്ക്കാർ നായികയാവുന്നു.'സാജൻ ബേക്കറി'ക്ക് ശേഷം അരുൺ ചന്ദു ഒരുക്കുന്ന ഈ ചിത്രത്തിന്റെ

സുർജിത്ത് എസ് പൈ ഛായാഗ്രഹണം നിർവഹിക്കുന്നു.സംവിധായകൻ പ്രിയദർശന്റെ അസിസ്റ്റന്റ് ഡയറക്ടർ ശിവ, സംവിധായകൻ അരുൺ ചന്ദു എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.'അങ്കമാലി ഡയറീസ്', 'അനുരാഗ കരിക്കിൻ വെള്ളം', 'ജല്ലിക്കട്ട്' എന്നീ ചിത്രങ്ങൾക്ക് ശേഷം പ്രശാന്ത് പിള്ള സംഗീതം പകരുന്ന ചിത്രമാണ് 'ഗഗനചാരി'. ചിത്രസംയോജനം അരവിന്ദ് മന്മദൻ, സീജേ അച്ചു. 'കള' എന്ന സിനിമയുടെ ചടുലമായ ആക്ഷൻ രംഗങ്ങൾ ഒരുക്കിയ സ്റ്റണ്ട് മാസ്റ്റർ ഫിനിക്സ് പ്രഭുവാണ് ആക്ഷൻ ഡയറക്ടർ. വി. എഫ്. എക്സിന ' പ്രാധാന്യമുള്ള ഈ ചിത്രത്തിന്റെ ഗ്രാഫിക്സ് മെറാക്കി സ്റ്റുഡിയോസ് ഒരുക്കുന്നു.പ്രൊഡക്ഷൻ കൺട്രോളർ സജീവ് ചന്തിരൂർ, ഗാനരചന വിനായക് ശശികുമാർ, കോസ്റ്റ്യൂം ഡിസൈനർ ബുസി ബേബി ജോൺ, കലാസംവിധാനം എം ബാവ, മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ വിഷ്ണു അരവിന്ദ്, അസോസിയേറ്റ് ഡയറക്ടർ അഖിൽ സി തിലകൻ, അസിസ്റ്റന്റ് ഡയറക്ടർമാർ അജിത് സച്ചു, കിരൺ ഉമ്മൻ രാജ്, ലിതിൻ കെ ടി, അരുൺ ലാൽ, സുജയ് സുദർശൻ, സ്റ്റിൽസ് രാഹുൽ ബാലു വർഗീസ്, പ്രവീൺ രാജ്. ക്രിയേറ്റീവ്സ് അരുൺ ചന്തു, മ്യൂറൽ ആർട്ട് ആത്മ,പി ആർ ഒഎ എസ് ദിനേശ്.

# 'ചാട്ടുളി'ട്രെയിലർ

**കൊച്ചി:**ഷൈൻ ടോം ചാക്കോ, ജാഫർ ഇടുക്കി, കലാഭവൻ ഷാജോൺ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജ് ബാബു സംവിധാനം ചെയ്യുന്ന 'ചാട്ടുളി ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.അട്ടപ്പാടിയിൽ ചിത്രീകരണം പൂർത്തിയാക്കിയ ഈ ചിത്രത്തിൽ കാർത്തിക് വിഷ്ണു, ശ്രുതി ജയൻ, ലതാ ദാസ്, വർഷ പ്രസാദ്, തുടങ്ങിയവരും അഭിനയിക്കുന്നു.നെൽസൺ ഐപ്പ് സിനിമാസ്, ഷാ ഫൈസി പ്രൊഡക്ഷൻസ്, നവതേജ് ഫിലിംസ് എന്നീ ബാനറുകളിൽ നെൽസൺ ഐപ്പ്, ഷാ ഫൈസി, സുജൻ കുമാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന 'ചാട്ടുളി' എന്ന ചിത്രത്തിന്റെ കഥ തിരക്കഥ സംഭാഷണം ജയേഷ് മൈനാഗപ്പള്ളി എഴുതുന്നു.പ്രമോദ്. കെ. പിള്ള ഛായാഗ്രഹണം നിർവ്വഹിക്കുന്നു.ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ,ആന്റണി പോൾ എന്നിവരുടെ വരികൾക്ക്




ബിജിബാൽ, ജസ്റ്റിൻ ഫിലിപ്പോസ് എന്നിവർ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജു വി.എസ്. പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എഡിറ്റർഅയൂബ് ഖാൻ,കലഅപ്പുണ്ണി സാജൻ, മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംരാധാകൃഷ്ണൻ മങ്ങാട്,അസോസിയേറ്റ് ഡയറക്ടർ രാഹുൽ കൃഷ്ണ,അസിസ്റ്റന്റ് ഡയറക്ടേഴ്സ്കൃഷ്ണ കുമാർ ഭട്ട്, നൗഫൽ ഷാജ് ഉമ്മർ, ഡോ.രജിത്കുമാർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ബാബുരാജ് മനിശ്ശേരി, ജബ്ബാർ മതിലകം, ലൊക്കേഷൻ മാനേജർ പ്രസാദ് ശ്രീകൃഷ്ണപുരം,സംഘട്ടനംബ്രൂസ് ലി രാജേഷ്, പ്രദീപ് ദിനേശ്,സ്റ്റിൽസ് അനിൽ പേരാമ്പ്ര, പരസ്യക്കല ആന്റണി സ്റ്റീഫൻ, പി ആർ ഒഎ എസ് ദിനേശ്

# 'മുകൾപ്പരപ്പ്' സെക്കന്റ് ലുക്ക് പോസ്റ്റർ

**കൊച്ചി:** 'മുകൾപ്പരപ്പ്' എന്ന സിനിമയുടെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസായി. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ വെച്ചാണ് പ്രകാശന കർമ്മം നടന്നത്.ഗാനരചയിതാവ് രാജീവ് ആലുങ്കൽ മുഖ്യാതിഥിയായിരുന്നു.കീ ഫ്രെയ്മ്സ് ടാലന്റ് ഷോയിലെ നിരവധി കുരുന്നു പ്രതിഭകളും മാതാപിതാക്കളും കീ ഫ്രെയിംസ് ഇന്റർനാഷ്ണലിന്റെ കോഡിനേറ്റർ അജത് വൈക്കം, സെക്രട്ടറി ലിമിജ ബിന്ദുരാജ് , വിദ്യാസാഗർ എന്നിവരും ആംഗർ ബബിത ബഷീറും ചടങ്ങിൽ പങ്കെടുത്തു.തിങ്കളാഴ്ച നിശ്ചയം എന്ന ചിത്രത്തിനു ശേഷം സുനിൽ സൂര്യയെ പ്രധാന കഥാപാത്രമാക്കിസിബി പടിയറ രചനയും സംവിധാനവും നിർവഹിക്കുന്ന ചിത്രമാണ് 'മുകൾപ്പരപ്പ് 'അപർണ്ണ ജനാർദ്ദനൻ നായികയാകുന്ന ഈ ചിത്രത്തിൽ പ്രമുഖ താരങ്ങൾക്കൊപ്പം നിരവധി പുതുമുഖങ്ങളും അണിനിരക്കുന്നുണ്ട്.അന്തരിച്ച പ്രശസ്ത നടൻ മാമുക്കോയ അവസാനമായി അഭിനയിച്ച ചിത്രം കൂടിയാണിത്.ശിവദാസ് മട്ടന്നൂർ, ഉണ്ണിരാജ് ചെറുവത്തൂർ, ഊർമിള ഉണ്ണി, ചന്ദ്രദാസൻ ലോകധർമ്മി , മജീദ്,ബിന്ദു കൃഷ്ണ, രജിത മധു , എന്നിവർക്കൊപ്പം ഒട്ടേറെ തെയ്യം കലാകാരൻമാരും അഭിനയിക്കുന്നുണ്ട്.'മുകൾപ്പരപ്പ്'എന്ന ചിത്രത്തിന്റെ സഹ രചയിതാവും ഗാനരചയിതാവും കൂടിയായ ജയപ്രകാശൻ കെ കെ നിർമ്മിക്കുന്ന ചിത്രമാണ്'മുകൾപ്പരപ്പ് '.സംഗീതത്തിനും പ്രണയത്തിനും നർമ്മത്തിനും പ്രാധാന്യം നൽകുന്ന ചിത്രം നിരന്തരം പാറ ഖനനത്തിന്റെ പ്രകമ്പനങ്ങൾ മുഴങ്ങുന്ന ഒരു ഗ്രാമത്തിലെ പേരെടുത്ത തെയ്യം കലാകാരനായ ചാത്തുട്ടിപ്പെരുവണ്ണാന്റെ അന്ത:സംഘർഷങ്ങളിലൂടെ കണ്ണൂരിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക വിഷയങ്ങളും ചർച്ച ചെയ്യുന്ന ചിത്രമാണ് 'മുകൾപ്പരപ്പ് '. ജോൺസ്പനയ്ക്കൽ, സിനു സീതത്തോട്, ഷമൽ സ്വാമിദാസ്, ബിജോ




മോഡിയിൽ കുമ്പളാംപൊയ്ക, ഹരിദാസ് പാച്ചേനി, മനോജ് സി.പി, ആദിത്യ പി.ഒ, അദവൈത് പി.ഒ, ലെജു നായർ നരിയാപുരം എന്നിവരാണ് 'മുകൾപ്പരപ്പി'ന്റെ സഹ നിർമ്മാതാക്കൾഛായാഗ്രഹണംഷിജി ജയദേവൻ,നിതിൻ കെ രാജ്,സംഗീതംപ്രമോദ് സാരംഗ്,ജോജി തോമസ്,ഗാനരചന ജെ പി തവറൂൽ,സിബി പടിയറ,എഡിറ്റർ ലിൻസൺ റാഫേൽ, പശ്ചാത്തല സംഗീതം അലൻവർഗീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീകുമാർ വള്ളംകുളം,ഫിനാൻസ് കൺട്രോളർടി പി ഗംഗാധരൻ,പ്രൊജക്റ്റ് മാനേജർബെന്നി നെല്ലുവേലി,പരസ്യക്കലമനു ഡാവിഞ്ചി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രവീൺ ശ്രീകണ്ഠപുരം. ഡിടിഎസ് മിക്സിംഗ് ജുബിൻ രാജ്, സ്റ്റുഡിയോമീഡിയ പ്ളസ് കൊച്ചി, വിസ്മയാസ് മാക്സ് തിരുവനന്തപുരം.ജ്യോതിസ് വിഷൻന്റെ ബാനറിൽ എത്തുന്ന 'മുകൾപ്പരപ്പ് 'അഗസ്റ്റ് നാലിന് തിയേറ്ററുകളിലെത്തും.പി ആർ ഒഎ എസ് ദിനേശ്.

# 'കുടിപ്പക'വർക്കലയിൽ



**കൊച്ചി:**'അടിക്കഥയല്ല കുടിക്കഥയാണ്' എന്ന ടാഗ് ലൈനോട് കൂടി സുനിൽ പണിക്കർ കമ്പനിയുടെ ബാനറിൽ നടനും നിർമ്മാതാവുമായ സുനിൽ പണിക്കർ നിർമ്മിക്കുന്ന'കുടിപ്പക' വർക്കലയിൽ ചിത്രീകരണം ആരംഭിച്ചു.'ഗോവിന്ദൻകുട്ടി തിരക്കിലാണ് 'എന്ന ചിത്രത്തിനു ശേഷം വിനോദ് നാരായണൻ രചനയും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രത്തിൽ പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകുന്നു.മദ്യം ഒരു വ്യക്തിയെ സ്വാധീനിക്കുമ്പോൾ അയാളുടെ കുടുംബത്തിലും സമൂഹത്തിലും നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ, ഒരു പെഗ്ഗിലോ ഒരു ഗ്ലാസ് ബിയറിലോ തുടങ്ങി ഒരു മുഴുക്കുടിയനിലേക്കെത്തി സ്വന്തം വ്യക്തിത്വവും അസ്തിത്വവും നഷ്ടപെട്ട് എല്ലാവരുടെ മുമ്പിലും കോമാളിയാകുന്ന ചിലർ, അങ്ങനെ മദ്യപാനത്തിന്റെ വിവിധ തലങ്ങളുടെ ഒരു നേർകാഴ്ച്ചയാണ് ഈ ചിത്രത്തിൽ ദൃശ്യവൽക്കരിക്കുന്നത്.സിനു സിദ്ധാർത്ഥ് ഛായാഗ്രഹണം നിർവ്വഹിക്കുന്നു ഷിബു ചക്രവർത്തിയുടെ വരികൾക്ക് ഗോപിസുന്ദർ ഈണം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജോജി ജേക്കബ്,എഡിറ്റർ സതീഷ് ബാബു,പശ്ചാത്തലസംഗീതം ഗോപി സുന്ദർ,ചീഫ് അസോസിയേറ്റ് ഡയറക്ടർ വിനേഷ് ചന്ദനത്തോപ്പ്,അസ്സോസിയേറ്റ് ഡയറക്ടർ അഖിൽ രാജേന്ദ്രൻ,പ്രൊഡക്ഷൻ കൺട്രോളർ ഷാജി ഒലവക്കോട്,ആർട്ട് ഡയറക്ടർ രജീഷ് കെ സൂര്യ,കോസ്റ്റ്യൂംസ് വീണ അജി,മേക്കപ്പ്അനിൽ നേമം,സ്റ്റിൽസ്ഹരി തിരുമല,പി ആർ ഒഎ എസ് ദിനേശ്.